പുളിമാത്ത് ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ്

118 (6823) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളിമാത്ത് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പ്ലസ് ടു കോഴ്സ് ഉള്ള സ്കൂൾ ഇല്ലാത്ത പശ്ചാത്തലത്തിൽ പ്രസ്തുത സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് വേണ്ട ശിപാർശ നൽകുമോ ?

ഉത്തരം

(എ) ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) സർക്കാരിന്റെ നിലവിലുള്ള നയപരമായ തീരുമാനപ്രകാരം സർക്കാർ/എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കൻഡറി ബാച്ചുകളാണ് അനുവദിച്ചു വരുന്നത്. പ്രാദേശിക വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലും ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് യോഗ്യതാക്രമത്തിൽ കോഴ്സുകൾ ആരംഭിക്കുന്നത്. പുതിയ ബാച്ചുകൾ അനുവദിക്കാൻ ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല എന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

കെ. വി. ജയപ്രസാദിന്റെ ആശ്രിത നിയമനം

119 (6824) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള തിരുമൂഴിക്കുളം ദേവസ്വത്തിൽ തകിൽക്കാരനായിരുന്ന കെ. വി. ജയപ്രസാദിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് കിട്ടുവാനുള്ള ആനുകൂല്യങ്ങൾ ദേവസ്വം ബോർഡ് നൽകിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ; ഇവ എന്ന് കൊടുത്തു തീർക്കാൻ കഴിയും എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാരന്റെ ആശ്രിതയ്ക്ക് നിയമനം നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപേക്ഷ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; എന്ന് ഈ അപേക്ഷയിൽ തീരുമാനമെടുക്കാൻ കഴിയും എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly